WEDNESDAY ബുധനാഴ്ച

24.07.2024



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## FIB FARM NEWS 24.07.2024

1. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2023 വർഷത്തിൽ കാർഷിക മേഖലയിലെ മാധ്യമരംഗത്ത് മികവിനെ പ്രോത്സാഹിപ്പിക്കുന്നതിന് നൽകി വരുന്ന കർഷക ഭാരതി അവാർഡിലേക്ക് നോമിനേഷനുകൾ ക്ഷണിച്ചു.ഏറ്റവും മികച്ച ഫാം ജേർണലിസ്റ്റിനാണ് അവാർഡ് നൽകുന്നത്. മലയാള ഭാഷയിലൂടെ കാർഷിക മേഖലക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്ന തരത്തിൽ മാധ്യമ പ്രവർത്തനം നടത്തിയ വ്യക്തിക്കാണ് അവാർഡ് നൽകുന്നത്. അതാത് വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളൂ. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുകയില്ല. അച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവ മാധ്യമം, ശ്രവ്യ മാധ്യമം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായിട്ടാണ് കർഷക ഭാരതി അവാർഡ് നൽകുന്നത്. കർഷക ഭാരതി അവാർഡ് നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ പ്രസ്തുത മേഖലയിലെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. വിശദാംശങ്ങൾ www.keralaagriculture.gov.in, www.fibkerala.gov.in എന്ന വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 27.07.2024. അപേക്ഷകൾ "പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3' എന്ന വിലാസത്തിൽ അയക്കണം. നോമിനേഷനുകൾ അയയ്ക്കുന്ന കവറിന് പുറത്ത് "കർഷക ഭാരതി അവാർഡ് 2023 ഏതു വിഭാഗം' എന്നത് പ്രത്യേകം രേഖപ്പെടുത്തണം.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

2. വിഴിഞ്ഞം കൃഷിഭവൻ പരിധിയിലുള്ള കർഷകരെ ആദരിക്കുന്നു. വിവിധ വിഭാഗങ്ങളിലായിട്ടാണ് ആദരിക്കുന്നത്. അപേക്ഷ ഈ മാസം 29 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി കൃഷിഭവനിൽ സമർപ്പിക്കേണ്ടതാണ്.

3. കേരള കാർഷിക സർവ്വകലാശാല വനശാസ്ത്ര കോളേജിൽ പ്രോജക്ടിലേക്ക് റിസേർച്ച് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് (പ്രതിമാസം 25,000 രൂപ നിരക്ക്) 31/07/2024 ന് രാവിലെ 10.00 ന് നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിന് പങ്കെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ ക്ഷണിച്ചുകൊള്ളുന്നു.യോഗ്യത:MSc. (Remote Sensing and GIS / Forestry/ Environment/Geography/ Geology and Climate Change Adaptation. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.kau.in സന്ദർശിക്കുക.

4. ആലപ്പുഴ ജില്ലയിലെ ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വനം-വന്യജീവി വകുപ്പ് നൽകുന്ന വനമിത്ര അവാർഡിന് അപേക്ഷ ക്ഷണിച്ചു. 25000 രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്. പരിസ്ഥിതിയും ജൈവ വൈവിധ്യവും പരിരക്ഷിക്കുന്നതും വർദ്ധിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിൽ നിന്നും ഒരു അവാർഡ് വീതം നൽകും. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ജില്ലയിലെ വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ നിന്ന് ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടും സഹിതം ആലപ്പുഴ സോഷ്യൽ

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ നൽകണം. മുൻവർഷങ്ങളിൽ അവാർഡ് ലഭിച്ചവർ അർഹരല്ല. അവസാന തീയതി ഓഗസ്റ്റ് 16. കൂടുതൽ വിവരങ്ങൾക്ക് 0477 2246034 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലായി നിൽക്കുന്ന മരങ്ങൾ കോതുന്നതിനായി Wood cutter Machine ഫാമിൽ എത്തിച്ചു നൽകുന്നതിന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട്, ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം., എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതും, ക്വട്ടേൻ കവറിനു പുറത്ത് Wood cutter Machine സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്നേഖപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 02/08/2024-തിയതി രാവിലെ 11 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. ക്ഷീര വികസന വകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കണ്ൺട്രോൾ യൂണിറ്റിന്റെയും കാണക്കാരി ക്ഷീര വ്യവസായ സഹകരണ സംഘത്തിൻ്റെയും സംയുക്താഭിമുഖ്യത്തിൽ പാൽ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഒരു പാൽ ഗുണ നിയന്ത്രണ ബോധവൽക്കരണ പരിപാടി 2024 ജൂലൈ 25 വ്യാഴാഴ്ച്ച രാവിലെ 9 .00 മണിക്ക് കാണക്കാരി ക്ഷീരസംഘത്തിൽ വെച്ച് നടത്തപ്പെടുകയാണ്. പരിപാടിയിൽ ക്ഷീരവികസന വകുപ്പ് സാങ്കേതിക വിദഗ്ദ്ധർ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ

ഗുണമേൻമ വർധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട വില ഉൽപ്പാദകർക്കു ലഭിക്കുന്നതിനുള്ള ശാസ്ത്രീയ വശങ്ങളെ കുറിച്ച് ബോധവൽക്കരണം നൽകുന്നു.

7. കേരള കാര്ഷിക സര്വ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂര് കൃഷി വിജ്ഞാന കേന്ദ്രത്തിൽ " പഴം പച്ചക്കറി സംസ്കരണം "എന്ന വിഷയത്തില് 2024 ജൂലൈ 26 ന് ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താല്പര്യമുള്ളവര് 9400483754 എന്ന ഫോണ് നമ്പറിൽ (രാവിലെ 10 മണി മുതല് 4 മണി വരെ) രജിസ്റ്റര് ചെയ്യാവുന്നതാണ്.

8. റബ്ബർമരങ്ങളിൽ ഇടവേളകൂടിയ ടാപ്പിങ് രീതികളെക്കുറിച്ചറിയാൻ 2024 ജൂലൈ 24 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡ് കോൾസെൻ്ററിൽ വിളിക്കാം. ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ റെജു എം.ജെ ഫോണിലൂടെ മറുപടി പറയും. കോൾസെന്ററർനമ്പർ 0481 2576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം